തിക്ക് ഉയർത്താൻ കഴിയാവുന്ന ഇറക്കുമതിച്ചുങ്കം പരമാവധി ഉയർത്തണം. ഭക്ഷ്യഎണ്ണയുടെ ഇറക്കുമതിച്ചുങ്കം പരമാവധി ഉയർത്തി ഈ മേഖല നമുക്ക് സംരക്ഷിക്കാൻ കഴിയണം. കാർഷിക ഉൽപ്പന്നങ്ങളുടെയും ഭക്ഷ്യ എണ്ണയുടെയും ഇറക്കുമതി രംഗത്ത് അതിന്റെ ചുങ്കം പരമാവധി ഉയർത്തി (കരാർ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട്) കേരളത്തിലെ തെങ്ങ് കർഷകരേയും റബ്ബർ കർഷകരേയും തേയില, കാപ്പി, കുരുമുളക്, ഏലം, ചുക്ക്, കൊക്കോ തുടങ്ങിയവയുടെ കൃഷിക്കാരെയും സംരക്ഷിക്കുന്നതിന് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ പരിരക്ഷിക്കുന്നതിനും കഴിയുമെന്നുള്ള വിശ്വാസമാണ് ഗവൺമെന്റിനുള്ളത്. അതിനുവേണ്ടി പുതിയ കൂട്ടായ്മകൾ ഉണ്ടാകണം. എല്ലാവരും സഹകരിച്ച് അതിനുവേണ്ടിയുള്ള ശ്രമം നടത്തണമെന്നാണ് ഗവൺമെന്റിന്റെ സമീപനം. അതിലൂടെ കേരളത്തിന്റെ കാർഷിക മേഖലയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒന്നിച്ചു പോകാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമാണ് ഗവൺമെന്റിനുള്ളത്.

<u>ശ്രീ. എ. കണാരൻ</u> : അങ്ങ് പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി വന്ന ദുരിതത്തിന് മാറ്റം വരുത്താൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമർപ്പിച്ച ചില നിർദ്ദേശങ്ങളുണ്ട്. താങ്ങുവില നിശ്ചയിക്കുക, വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിന്റെ 50 ശതമാനം ചെലവ് വഹിക്കുക, മണ്ഡരി രോഗം ബാധിച്ചതിന്റെ കീടനാശിനിക്ക് വേണ്ടി സംഖ്യ അനുവദിക്കുക. അതുപോലെ കേന്ദ്ര ഗവൺമെന്റ് ഗോഡൗണിൽനിന്ന് അരിയെടുത്ത് സൗജന്യമായി വിതരണം ചെയ്യുക. ഏറ്റവും വലിയ ദുരിതത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കാനുള്ള പോംവഴിക്കു വേണ്ടി ഇവിടെ നടന്നുകൊണ്ടിരിക്കുന്ന കൃഷിക്കാരുടെയും തൊഴിലാളികളുടെയും പോരാട്ടത്തിന് നേതൃത്വം കൊടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ നയത്തിനെതിരെ വൻപിച്ച പ്രക്ഷോഭ സമരത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇപ്പോൾത്തന്നെ ശക്തമായ പോരാട്ടങ്ങൾ ഉയർന്നുവരികയാണ്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാരുടെ സംഘടനകൾ തന്നെ പോരാട്ടത്തിലാണ്. കരാറിനെതിരായി കേരളത്തിന്റെ കാർഷിക മേഖലയെ സംരക്ഷിക്കാനുള്ള സമരങ്ങളെല്ലാം ഉയർന്നുവരണമെന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. ആ സമരങ്ങളൊക്കെ ഉയർന്നുവരികയും ചെയ്യും.

2. സംസ്ഥാനത്ത് മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീമതി ശോഭനാ ജോർജ്</u> : നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ രംഗം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. എന്നാൽ വൈദ്യശാസ്ത്ര പഠന രംഗത്ത് ഒട്ടേറെ പാകപ്പിഴകൾ ഉണ്ടെന്നു മാത്രമല്ല, എടുത്തു പറയത്തക്ക നേട്ടങ്ങൾ പോലുമില്ല എന്നുള്ളതാണ് സത്യം. വൈദ്യശാസ്ത്ര രംഗത്തെ പ്രധാനമായും അലോപ്പതി, ഹോമിയോ, ആയുർവേദം ഇങ്ങനെ തരംതിരിച്ചിരിക്കുന്നു. സംസ്ഥാനത്ത് ഈ വിധത്തിൽ 12,000 ത്തോളം വിദ്യാർത്ഥികളാണ് ചേർന്ന് പഠിക്കുന്നത്. സംസ്ഥാനത്ത് 7 മെഡിക്കൽ കോളേജുകളും, 5 ആയുർവേദ കോളേജുകളും, 3 ഹോമിയോ കോളേജുകളും 3 ദന്തൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളും ഫാർമസി കോളേജ്, മെഡിക്കൽ ലാബോറട്ടറി കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ, പ്രകൃതിചികിൽസാ പഠനകേന്ദ്രങ്ങൾ, യുനാനി ചികിൽസാ പഠനകേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ വൈദ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ധാരാളം കോളേജുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഇവയെല്ലാം വിവിധ സർവ്വകലാശാലയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകൾ കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലും, കോട്ടയം, എറണാകുളം മെഡിക്കൽ കോളേജുകൾ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലും, കണ്ണൂർ മെഡിക്കൽ കോളേജ് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലും, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിലുമാണ്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അക്കാഡമിക് സംവിധാനങ്ങളെല്ലാം വിവിധ നിലകളിലും, വിവിധ തലങ്ങളിലുമാണ്. സിലബസ്, പരീക്ഷ നടത്തിപ്പ് പ്രവേശനം തുടങ്ങിയവയ്ക്ക് ഏകീകരണ സ്വഭാവമില്ല. വിവിധ സർവ്വകലാശാലകളിൽ വിവിധ രീതിയിലാണ് പരീക്ഷ നടത്തുന്നത്. നാലു സർവ്വകലാശാലകൾ പ്രത്യേകം പ്രത്യേകം ചോദ്യങ്ങൾ തയ്യാറാക്കുന്നു. പ്രത്യേകം പ്രത്യേകം പരീക്ഷാ ബോർഡുകളും രൂപീകരിക്കും. ഓരോ പരീക്ഷകൾക്കും ഔട്ട് സൈഡ് എക്സ്പെർട്സിനെ കൊണ്ടുവരികയും ചെയ്യും. അങ്ങനെ നാലു സർവ്വകലാശാലകൾ നാല് ബോർഡുകൾ വഴിയാണ് പരീക്ഷകൾ നടത്തുന്നത്. തന്മൂലം ഏകീകൃത രൂപം ഇല്ലാതെ പോകുന്നു. ഒരേ സമയത്ത് വിവിധ മെഡിക്കൽകോളേജുകളിൽ പ്രവേശനം നടത്തുന്ന വിദ്യാർത്ഥികൾ ബിരുദം സമ്പാദിക്കുന്നത് പല സമയത്താകുന്നതുമൂലം തുടർവിദ്യാഭ്യാസകാര്യത്തിന് ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. സിലബസ്, പരീക്ഷാസമ്പ്രദായം, എന്നിവയുടെ അന്തരംമൂലം പാസ്സായി വരുന്ന കുട്ടികളുടെ റാങ്ക് നിർണ്ണയം, നിയമനം, എന്നിവയിൽ ഗുരുതരമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് സംസ്ഥാനത്ത് സൗകര്യങ്ങൾ വളരെ കുറവാണ്. ഇൻഡ്യയിൽ ഇതിനോടകം വിവിധ സംസ്ഥാനങ്ങളിൽ മെഡിക്കൽ സർവ്വകലാശാലകൾ പ്രവർത്തിച്ചുവരുന്നു. ഒരു ഏകീകൃതസ്വഭാവം ഉണ്ടാകുന്നതിനും വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ആധുനിക ചികിൽസയ്ക്ക് കൂടുതൽ പരിശീലനം നൽകുന്നതിനും അദ്ധ്യാപകർക്ക് ഒരു ഏകീകരണം ലഭിക്കുന്നതിനും സംസ്ഥാനത്ത് ഒരു മെഡിക്കൽ സർവ്വകലാശാല രൂപീകരിക്കേണ്ടിയിരിക്കുന്നു. ഡിഗ്രി വിദ്യാഭ്യാസം മുതൽ പി.ജി.നിയമ വിദ്യാഭ്യാസം എന്നിവയുമായി കുഴഞ്ഞു നിൽക്കേണ്ട ഒരു മേഖലയല്ല മെഡിക്കൽ വിദ്യാഭ്യാസമേഖല. മെഡിക്കൽ വിദ്യാഭ്യാസത്തിന് തനതായ ഒരു വ്യക്തിമുദ്ര പതിപ്പിക്കുന്നതിന് വൈദ്യശാസ്ത്രത്തിന്റെ വിവിധ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് നിർദ്ദിഷ്ട മെഡിക്കൽ സർവ്വകലാശാല രൂപീകരിക്കണമെന്നാണ് എന്റെ ആവശ്യം. ഇതിനുമുൻപും നിയമസഭയിൽ ബില്ലുരൂപേണയും, കാളിംഗ് അറ്റൻഷൻ മുഖേനയുമൊക്കെ ഈ ആവശ്യം മുന്നോട്ടു വച്ചപ്പോൾ ഇതിനു മുൻപുണ്ടായിരുന്ന മന്ത്രിമാർ അത് പരിഗണിക്കുമെന്ന് പറഞ്ഞു. തീർച്ചയായും ഇത് വളരെ അത്യാവശ്യമായ ഒന്നാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 12,000 വിദ്യാർത്ഥികളുടെ പ്രശ്നമെന്ന നിലയിൽ ഒട്ടേറെ ഗവേഷണങ്ങൾക്ക് നേതൃത്വം നൽകേണ്ട ഒരു വകുപ്പ് എന്നുള്ള നിലയിൽ മെഡിക്കൽ സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള പ്രധാന ആവശ്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, നമ്മുടെ സംസ്ഥാനത്ത് ഒരു മെഡിക്കൽ സർവ്വകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 20-7-1995 ലെ സർക്കാർ ഉത്തരവ് പ്രകാരം അന്നത്തെ ആരോഗ്യവകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ഗോപാലകൃഷ്ണപിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. എന്നാൽ ഇതു സംബന്ധിച്ചു യാതൊരു റിപ്പോർട്ടും അദ്ദേഹം സമർപ്പിച്ചിട്ടില്ല. ഈ വിഷയം നിയമസഭയിൽ ചോദ്യമായും അനൗദ്യോഗിക ബില്ലായി വരുകയുമുണ്ടായിട്ടുണ്ട്. എന്നാൽ പരിഗണനയ്ക്കെടുക്കുവാൻ സാധിച്ചിട്ടില്ല. നമ്മുടെ മെഡിക്കൽ വിദ്യാർത്ഥികൾ വിവിധ സർവ്വകലാശാലകളിലാണ് പഠനം നടത്തുന്നത്. വിവിധ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതു കൊണ്ട് വിദ്യാർത്ഥികൾക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ സർവ്വകലാശാലകളിലായി വികേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ കോളേജുകളെ ഒരു സർവ്വകലാശാലയുടെ കീഴിൽ കേന്ദ്രീകരിക്കുന്നത് നല്ല ആശയം തന്നെയാണ്. എന്നാൽ മെഡിക്കൽ വിദ്യാഭ്യാസത്തിന് മാത്രമായി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി അനുകൂലമല്ല. മെച്ചപ്പെട്ട ചികിത്സ നൽകുക എന്നതാണ് സർക്കാരിന്റെ ഇപ്പോഴത്തെ നയം. അതിലേയ്ക്കായി ആശുപത്രികളിൽ ചികിത്സാ ഉപകരണങ്ങൾ, മരുന്ന് എന്നിവ ക്രമീകരിക്കുക, ആശുപത്രികെട്ടിടങ്ങൾ നിർമ്മിക്കുക, ആശുപത്രികെട്ടിടങ്ങൾ നന്നാക്കുക എന്നീ കാര്യങ്ങൾക്കാണ് സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്. കാലക്രമേണ ബഹു.മെമ്പറുടെ ആഗ്രഹം സാധിക്കുന്നതിന് ധാരാളം സമ്പത്തും സൗകര്യവും ഉണ്ടാകട്ടെ എന്നാണ് എനിക്ക് പ്രാർത്ഥിക്കാനുള്ളത്.

ശ്രീമതി ശോഭനാ ജോർജ് : അങ്ങയോടൊപ്പം ഞാനും പ്രാർത്ഥിക്കുന്നു. എങ്കിൽ പണച്ചെലവില്ലാത്ത ഒരു കാര്യം ചെയ്യണം എന്നതാണ്. ഇത് എന്തു മാത്രം അത്യാവശ്യമാണ് എന്നത് സംബന്ധിച്ചു ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് മുൻകൈയെടുക്കുമോ?

ശ്രീ. വി.സി. കബീർ : തീർച്ചയായും ഈ കാര്യം പരിഗണിക്കും.

മി. സ്പീക്കർ : ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നാളെ മതി എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. ജി. കാർത്തികേയൻ : ഷെഡ്യൂൾ അനുസരിച്ച് ചട്ടം 300 അനുസരിച്ചുള്ള ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ പ്രസ്താവന ഇന്നാണ്. അത് മാറ്റേണ്ട കാര്യമില്ല. മറ്റൊന്ന് 1991 മുതൽ രാജ്യത്ത് നടപ്പാക്കിയ ഉദാരവൽക്കരണ നയംമൂലം സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് കൃഷിവകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന ചെയ്യേണ്ടത് ഇന്നാണ്. ബഹു. എ. കണാരന്റെ ശ്രദ്ധക്ഷണിക്കലിനു ബഹു. മന്ത്രി നൽകിയ മറുപടി സ്റ്റേറ്റ്മെന്റായി വയ്ക്കണമെന്ന് ബഹു. സഭയോടു അഭ്യർത്ഥനയുണ്ട്. കാരണം ഈ കണക്കിൽ കാർഷികോൽപ്പന്നങ്ങളുടെ വില കൂട്ടേണ്ടത് സംബന്ധിച്ച് ഇവിടത്തെ കർഷകർ ആലോചിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ തനിയാവർത്തനമാണ് നേരത്തെ നടന്ന പ്രസംഗം എന്ന് കണക്കാക്കിക്കൂടേ? ചട്ടം 300 അനുസരിച്ച് നടത്തേണ്ട പ്രസംഗം നേരത്തെ നടത്തിയ പ്രസംഗമായി കണക്കാക്കിയാൽ പോരേ? സമയം ചുരുക്കുന്നതിനുവേണ്ടിയാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ : സബ്മിഷനിലേക്ക് കടക്കാം.

LIBRARY ARCHIVES Kerala Legislative Assembly